**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യവകുപ്പ് - ബാങ്ക് അക്കൗണ്ട് മാറ്റം വന്നതുമായി ബന്ധപ്പെട്ട തിരുത്തലുകൾ വരുത്തി ഡിജിറ്റൽ സൈൻ ചെയ്യുന്നതിലെ കാലതാമസം കാരണം പെൻഷൻ ലഭിക്കാതിരുന്ന മരട് മുൻസിപ്പാലിറ്റിയിലെ 137 ഗുണഭോക്താക്കൾക്ക് 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ് എഫ് സി സെൽ - ബി) വകുപ്പ്**

**സ.ഉ(സാധാ)നം. 4855/2021/ധന. തീയതി, തിരുവനന്തപുരം, 07.07.2021**

പരാമർശം :-1. സ ഉ (സാധാ) നം. 4730/2020/ധന തീയതി 17.08.2020.

2. മരട് നഗരസഭാ സെക്രട്ടറിയുടെ 27.08.2020, 22.02.2021, 01.07.2021 തീയതികളിലെ ജി4/9046/16 നമ്പർ കത്തുകൾ

ഉത്തരവ്

മരട് നഗരസഭയിൽ നിന്നും വിവിധ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന 137 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പരിൽ വ്യത്യാസം വന്നിരുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തലുകൾ വരുത്തി ഡിജിറ്റൽ സൈൻ ചെയ്യാൻ കാലതാമസം നേരിട്ടതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് 2020 ഓണത്തിന് പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടായെന്നും പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി 3,52,000/- രൂപ ആവശ്യമായി വരുമെന്നും ആയത് അനുവദിക്കണമെന്നും സൂചന (2) പ്രകാരം മരട് നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നിശ്ചിത സമയത്തിനുള്ളിൽ ഡിജിറ്റൽ സൈൻ ചെയ്യാത്തതിനാൽ പെൻഷൻ ലഭിക്കാതിരുന്ന മരട് നഗരസഭയിലെ 137 ഗുണഭോക്താക്കൾക്ക് 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 3,52,000/-രൂപ (മൂന്ന് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. നിശ്ചിത സമയത്തിനുള്ളിൽ ഡിജിറ്റൽ സൈൻ ചെയ്യാത്തതിനാൽ പെൻഷൻ ലഭിക്കാതിരുന്ന മരട് നഗരസഭയിലെ 137 ഗുണഭോക്താക്കൾക്ക് 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി അനുവദിച്ച 3,52,000/- രൂപയിൽ (മൂന്ന് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 3,46,400/- രൂപ (മൂന്ന് ലക്ഷത്തി നാല്പത്താറായിരത്തി നാനൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയായ 5,600/- രൂപ (അയ്യായിരത്തി അറുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 20.07.2021 ന് അകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രദീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി, മരട് മുൻസിപ്പാലിറ്റി
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ (ഫയൽ നം.1571775/എസ് എഫ് സി ബി2/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ